# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 1583**

**02.07.2015 - ൽ**
**മറുപടിക്ക്**

## പടന്നക്കാട് കാർഷിക കോളേജിലെ തസ്തികകൾ

**ചോദ്യം**
**ശ്രീ. ഇ. ചന്ദ്രശേഖരൻ**

**മറുപടി**
**ശ്രീ. കെ. പി. മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

**എ)** പടന്നക്കാട് കാർഷിക കോളേജിൽ അനുവദിക്കപ്പെട്ട തസ്തികകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

**എ)** പടന്നക്കാട് കാർഷിക കോളേജിൽ 32 അദ്ധ്യാപക തസ്തികകൾക്കും 42 അനദ്ധ്യാപക തസ്തികകൾക്കുമാണ് അനുമതി നൽകിയിട്ടുള്ളത്.

**ബി)** പ്രസ്തുത കോളേജിൽ ഏതൊക്കെ തസ്തികകളിലായി എത്ര ഒഴിവുകൾ ഉണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ ;

**ബി)** അനുവദിക്കപ്പെട്ട തസ്തികകളിലെ ഒഴിവുകൾ താഴെ വിവരിക്കും പ്രകാരമാണ്.

| അനുവദിക്കപ്പെട്ട തസ്തിക | ഒഴിവ് |
|---|---|
| അസോസിയേറ്റ് ഡീൻ | 1 |
| പ്രൊഫസർ | 2 |
| അസോസിയേറ്റ് പ്രൊഫസർ | 6 |
| സെക്ഷൻ ഓഫീസർ (എഫ്.സി. & ഡി) | 1 |
| അസിസ്റ്റന്റ് | 4 |
| ടൈപ്പിസ്റ്റ് | 1 |
| ക്ലാസ്സ് - 4 | 11 |
| ക്ലറിക്കൽ അസിസ്റ്റന്റ്/ലാബ് അസിസ്റ്റന്റ് | 3 |
| ഹോസ്റ്റൽ മാനേജർ | 1 |
| ലൈബ്രറി അസിസ്റ്റന്റ്/ടെക്നിക്കൽ അസിസ്റ്റന്റ് / റഫറൻസ് അസിസ്റ്റന്റ് | 2 |
| ടെക്നീഷ്യൻ /ടെക്നിക്കൽ സൂപ്പർവൈസർ | 1 |
| ഡ്രൈവർ (എച്ച്.ഡി.വി) | 1 |
| ഡ്രൈവർ (എൽ.ഡി.വി) | 1 |

**സി)** പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

**സി)** സർവ്വകലാശാലയിലെ അദ്ധ്യാപക തസ്തികകളുടെ നിയമനവും യോഗ്യതകളും നിഷ്കർഷിച്ചിട്ടുള്ള സ്റ്റാറ്റ്യൂട്ടുകൾ ആയ എസ്.ആർ.ഒ 264/72, എസ്.ആർ.ഒ 1245/86 എന്നിവ 1986 യുജിസി പദ്ധതിയുടെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലുള്ളതാണ്. 2006 യുജിസി പദ്ധതിയനുസരിച്ചുള്ള ശമ്പള പരിഷ്കരണം 01/01/2006 മുതൽ കാർഷിക സർവ്വകലാശാലയിൽ നടപ്പിലാക്കുകയും ഇതുമായി ബന്ധപ്പെട്ട 2010 യു.ജി.സി. റെഗുലേഷൻസ് കേരള സർക്കാരും കേരള കാർഷിക സർവ്വകലാശാലയും അംഗീകരിച്ചിട്ടുണ്ട്. 2010 യു.ജി.സി. റെഗുലേഷൻസ് അനുസരിച്ചുള്ള മാനദണ്ഡ പ്രകാരം അദ്ധ്യാപക തസ്തികകളുടെ സ്റ്റാറ്റ്യൂട്ട് ഭേദഗതി

ചെയ്ത് സർവ്വകലാശാല ചാൻസിലർ കൂടിയായ ബഹുമാന പ്പെട്ട കേരള ഗവർണറുടെ അംഗീകാരം തേടേണ്ടതുണ്ട്. ഇതിനു വേണ്ട നടപടികൾ സർവ്വകലാശാലയുടെ വിവിധ സമിതികളിൽ നടന്നു വരികയാണ്. ടി ഭേദഗതി നിലവിൽ വന്നതിനുശേഷമേ കാസർഗോഡ് ജില്ലയിലെ പട ന്നക്കാട് കാർഷിക കോളേജ്, പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം എന്നിവയടക്കം സർവ്വകലാശാ ലയിലെ ഒഴിവുള്ള അദ്ധ്യാപക തസ്തികകളിലേയ്ക്ക് സ്ഥിരം നിയമനം നടത്താൻ സാധിക്കുകയുള്ളൂ.

18/12/2010 ലെ സർക്കാർ ഉത്തരവു നമ്പർ (എം.എസ്) 399/10/ഉ.വി.വ. പ്രകാരം കേരളത്തിലെ സർവ്വകലാശാലക ളിലെ അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊണ്ട് സർക്കാർ ഉത്തരവിറക്കിയതിന്റെ അടിസ്ഥാനത്തിൽ കാർഷിക സർവ്വ കലാശാലയിലെ അനദ്ധ്യാപക വിഭാഗം തസ്തികകളിലേ യ്ക്കുള്ള നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുന്നതിന് സർവ്വകലാശാലയുടെ സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്തിട്ടുണ്ട്. സർവ്വകലാശാലകളിലെ അനദ്ധ്യാപക വിഭാഗം ജീവനക്കാരുടെ നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുന്നതിനു ള്ള നിയമ ഭേദഗതിയും മറ്റു നടപടി ക്രമങ്ങളും പൂർത്തിയാ ക്കിയ ശേഷമേ ഒഴിവുള്ള തസ്തികകളിലേയ്ക്കുള്ള നിയ മനം നടത്തുവാൻ സാധിക്കുകയുള്ളൂ.

Sreema

**സെക്ഷൻ ഓഫീസർ**